**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1645** **08-12-2022 - ൽ മറുപടിയ്ക്ക്**

**കരമന - വെള്ളറട റോഡിന് ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കരമന വെള്ളറട റോഡിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; II , III റീച്ചുകളുടെ II(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ; ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എ) | കരമന - വെള്ളറട റോഡ് വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നത് മൂന്ന് റീച്ചുകളായാണ്. പ്രസ്തുത മൂന്ന് റീച്ചുകളിലെ സ്ഥലമേറ്റെടുക്കൽ നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br><u>റീച്ച് 1 - കരമന മുതൽ കുണ്ടമൺ കടവ് പാലം വരെ</u><br><br>തിരുവനന്തപുരം ജില്ലയിൽ തൈക്കാട്, തിരുമല, ശാസ്തമംഗലം, വട്ടിയൂർക്കാവ് എന്നീ വില്ലേജുകളിൽ നിന്നായി 1.1356 ഹെക്ടർ സ്ഥലം കരമന - വെള്ളറട റീച്ച് 1 വികസനത്തിന് 2013-ലെ എൽ.എ.ആർ.ആർ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും, സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കി സമുചിത സർക്കാർ തീരുമാനം കൈക്കൊണ്ട് 11(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. 2013-ലെ എൽ.എ.ആർ.ആർ ആക്ട് പ്രകാരം 11(1) വിജ്ഞാപനം പുറപ്പെടുവിച്ച് 12 മാസത്തിനുള്ളിൽ 19(1) പ്രഖ്യാപനം പുറപ്പെടുവിക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ 19(1) പ്രഖ്യാപനം പുറപ്പെടുവിക്കാൻ സാധിക്കില്ലായെന്ന് ജില്ലാ കളക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിനുള്ള കാലാവധി 04.01.2022 ലെ സ.ഉ(അച്ചടി) 8/2022/റവ, 13.06.2022 ലെ സ.ഉ(അച്ചടി) 176/2022/റവ, എന്നീ ഉത്തരവുകൾ പ്രകാരം ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. എൽ.എ സർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പുനരധിവാസ പാക്കേജുമായി ബന്ധപ്പെട്ടുള്ള പബ്ലിക് ഹിയറിംഗ് 17.09.2022 ന് നടത്തിയിട്ടുള്ളതാണ്. ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ പുനരധിവാസ പാക്കേജും 19(1) പ്രഖ്യാപനം |

പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ച് വരുന്നു.

<u>റീച്ച് 2 - കുണ്ടമൺ കടവ് പാലം മുതൽ ഞാറവിള വരെ & റീച്ച് 3 - ഞാറവിള മുതൽ വെള്ളറട വരെ</u>

തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ, മലയിൻകീഴ്, കുളത്തുമ്മൽ, വീരണകാവ്, വിളവൂർക്കൽ, മാറനല്ലൂർ എന്നീ വില്ലേജുകളിലെ 4.5670 ഹെക്ടർ ഭൂമി കരമന - വെള്ളറട റോഡ് റീച്ച് 2 വികസനത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കി വിദഗ്ധ സമിതി രൂപീകരിച്ച് 25/01/2022-ലെ സ.ഉ.(കൈ). നം.23/2022/റവ, 05/04/2022-ലെ സ.ഉ.(കൈ) നം. 97/2022/റവ എന്നീ ഉത്തരവുകൾ പ്രകാരം എൽ.എ.ആർ.ആർ ആക്ട്, 2013 ലെ സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ കുളത്തുമ്മൽ, ഒറ്റശേഖരമംഗലം, കീഴാറൂർ, വെള്ളറട എന്നീ വില്ലേജുകളിലെ 4.5499 ഹെക്ടർ ഭൂമി കരമന - വെള്ളറട റോഡ് റീച്ച് 3 വികസനത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കി വിദഗ്ധ സമിതി രൂപീകരിച്ച് 25/01/2022 ലെ സ.ഉ.(കൈ) നമ്പർ 22/2022/റവ പ്രകാരം എൽ.എ.ആർ.ആർ ആക്ട്, 2013 ലെ സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

രണ്ടു റീച്ചുകളിലും സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്മേലുള്ള വിദഗ്ധസമിതി റിപ്പോർട്ട് 29.12.2021 ന് സമർപ്പിച്ചിട്ടുള്ളതാണ്. വിദഗ്ധസമിതി റിപ്പോർട്ട് ലഭിച്ച തിയതി മുതൽ 1 വർഷത്തിനകം 11(1) വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും അല്ലാത്തപക്ഷം ഭൂമി ഏറ്റെടുക്കൽ നടപടികൾ അസാധുവാകുന്നതാണ്. ഫീൽഡ് വർക്ക് ജോലികൾ പൂർത്തീകരിക്കാത്തതാണ് 11(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള കാലതാമസം. 11(1) വിജ്ഞാപനത്തിനുള്ള കരട് പ്രൊപ്പോസൽ ജില്ലാ കളക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പ്രസിദ്ധീകരിക്കുന്നതും തുടർന്ന് ആക്ടിൽ നിഷ്കർഷിക്കുന്ന നിശ്ചിത സമയ പരിധിക്കുള്ളിൽ 19(1) പ്രഖ്യാപനം (അന്തിമ വിജ്ഞാപനം) പുറപ്പെടുവിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

| | | | |
|---|---|---|---|
| | | | 19(1) പ്രഖ്യാപനം (അന്തിമ വിജ്ഞാപനം) പുറപ്പെടുവിച്ചതിനു ശേഷം അടിസ്ഥാന ഭൂവില നിശ്ചയിക്കുന്നതും കെട്ടിടങ്ങളുടെയും, വൃക്ഷങ്ങളുടെയും വിലനിർണ്ണയം കണക്കാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതും അവാർഡ് പാസാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ